
മരുതമൊഴി
DIGITAL MAGAZINE
ST MARY H SS MARUTHONKARA

# മരുതമൊഴി




സെന്റ് മേരീസ് ഹൈസ്കൂൾ മരുതോംകര
2023-2024 ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ : സ്മിത ടി.

## സ്റ്റുഡന്റ് എഡിറ്റർ : ജോഷ്വ സെബാസ്റ്റ്യൻ

### സമിതി അംഗങ്ങൾ

- സ്മിത വർഗ്ഗീസ്
- ആഷേർ ബെന്നി
- അർജൽ ഹരി
- സിയ കെ. എസ്.
- ശ്രീപ്രിയ എ.
- ഋതുനന്ദ പി. പി.
- മാളവിക സുദേഷ്
- അനുഷ്ക ബേബി
- ശിവനന്ദ ടി. പി.
- ആദിത്യ എ.
- ഐശ്വര്യ റോയ്

ഫ്രണ്ട് ആന്റ് ബാക്ക് കവർ ഡിസൈൻ : നിവേദ്യ എസ്. വി.

ലേ ഔട്ട് & പ്രിന്റിംഗ് : ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ SMHS മരുതോംകര

# ആശംസകൾ



ഫാ. ജോർജ്ജ് കളത്തൂർ,
സ്കൂൾ മാനേജർ

പ്രിയപ്പെട്ട സുഹൃത്തുക്കളെ, കുട്ടികളിൽ അന്തർലീനം ആയിരിക്കുന്ന കഴിവുകളെ വളർത്തിയെടുക്കുവാൻ, മരുതമൊഴി പോലുള്ള മാഗസിൻ ഒരു സ്കൂളിനെ സംബന്ധിച്ച് പരിപോഷിപ്പിക്കപ്പെടേണ്ട ഒന്നാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ഇതിലൂടെ കുട്ടികളുടെ ചിന്തകൾക്ക് ചിറകുവച്ച്, തങ്ങളുടെ കഴിവുകളും ഭാവനകളും അനേകർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നതായി മാറട്ടെ എന്ന് ആശംസിക്കുന്നു.



സജി ജോസഫ്
ഹെഡ്മാസ്റ്റർ,
സെന്റ് മേരീസ്
ഹൈ സ്കൂൾ
മരുതോംകര

മരുതോംകര സെന്റ് മേരീസ് ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന മരുതമൊഴി ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു. സാങ്കേതികവിദ്യ വളർച്ചയുടെ മറ്റൊരു തലത്തിലേക്ക് മാറിയിരിക്കുന്നു. സ്മാർട് ഫോണിന് പകരം AI പിന്നുകൾ സ്ഥാനം പിടിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ, സാങ്കേതിക വിദ്യ വളർന്ന് ശൂന്യമാകുന്ന തലത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ കുട്ടികൾക്ക് സാങ്കേതികരംഗത്ത് കൂടുതൽ മികവുകൾ നേടാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. പ്രിയപ്പെട്ട കുട്ടികളെയും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാരെയും അഭിമാനിക്കുകയും ചെയ്യുന്നു.

# എഡിറ്റോറിയൽ

സ്കൂൾ വിദ്യാഭ്യാസം ഹൈടെക്കായി മാറുമ്പോൾ വിവിധ സാങ്കേതിക വിദ്യയുടെ പ്രാധാന്യം ഒഴിവാക്കാനാവില്ല.

9-ാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് മരുതമൊഴി എന്ന ഡിജിറ്റൽ മാഗസിൻ ഒരുക്കിയിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഈ മാഗസിൻ മികവുറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. വായിക്കുന്നതിനും എഴുതുന്നതിനും മടികാണിക്കുന്ന ഇന്നത്തെ കുട്ടികൾക്കിടയിൽ വ്യത്യസ്തരാവുകയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സർഗ്ഗഭാവനകളാണ് ഈ മാഗസിനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മാഗസിനിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ തന്നെ വർധിച്ച പിന്തുണയാണ് കുട്ടികളിൽനിന്ന് ലഭിച്ചത്. കുട്ടികളെ നല്ല ചിന്തകരും എഴുത്തുകാരും സംസ്കാരസമ്പന്നരുമാക്കി വളർത്തിക്കൊണ്ടു

വരുന്നതിൽ ഈ ഡിജിറ്റൽ മാഗസിൻ വലിയ പങ്ക് വഹിക്കുന്നു. സ്ക്രൈബ് എന്ന സോഫ്റ്റ്‌വെയറിലാണ് മാഗസിൻ നിർമ്മിച്ചിരിക്കുന്നത്.കുട്ടികളിലെ സർഗ്ഗഭാവനകളെ ഉണർത്തുന്നതിനോടൊപ്പം ഐ.ടി യിൽ കുട്ടികളെ മികച്ചവരാക്കാനും ഈ മാഗസിൻ കുട്ടികളെ പ്രാപ്തരാക്കുന്നു. സാങ്കേതികവിദ്യയുടെ ഉന്നതങ്ങളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനുള്ള അവസരമാണ് ഇതുവഴി ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്നത്.

ഈ സംരംഭത്തോട് സഹകരിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അഭിനന്ദിച്ചുകൊണ്ട്

സ്മിത ടി.
എഡിറ്റർ

# ഉള്ളടക്കം


| | |
|---|---|
| ആശംസകൾ | 4-5 |
| എഡിറ്റോറിയൽ | 6-7 |
| മഴതൻസൗന്ദര്യം | 10 |
| എസ് എം എച്ച് എസ് മരുതോംകര | 11 |
| വസന്തം | 12 |
| Online Moments | 13 |
| ഒരു അവധിക്കാലം | 14 |
| Sports And Athletics | 15 |
| പ്രണയം | 16 |
| എൻ അമ്മ | 17 |
| മൊബൈൽ ഫോൺ | 18 |
| പുലരി | 19 |
| അമ്മ | 20 |
| ജീവിതം ഒരു നിമിഷം | 21 |
| Journey In Search Of Light | 22 |
| ജീവിതം | 23 |
| തിരമാലകൾ | 24 |
| നീലനിലാവ് | 25 |
| കണ്ണ് കാണാത്ത പാവ | 26 |
| മേഘം | 27 |
| പ്രകൃതി മലിനീകരണം | 28 |
| ഓർമ്മകൾ | 29 |
| Moon | 30 |
| കാർമേഘം | 31 |
| അമ്മ എന്ന ചോദ്യചിഹ്നം | 32 |
| കുപ്പായം | 33 |
| വിയർപ്പിന്റെ വില | 34 |
| കൊഴിയും ഇല | 35 |

| | |
|---|---|
| ഓണക്കാലം | 36 |
| സൗഹൃദം | 37 |
| ഇറ്റലിനെ പേടിച്ച നാരി | 38 |
| പിങ്കിയുടെ സ്വപ്നം | 39-40 |
| അമ്മുവിന്റെ ഓർമ്മകൾ | 41 |
| അത്യാഗ്രഹിയായ അപ്പുണ്ണി | 42 |
| കിളികൾ | 43 |
| അമ്മത്താറാവ് | 44 |
| കളിപ്പാവ | 45 |
| പൂനിലാവ് | 46 |
| പഴഞ്ചൊല്ലുകൾ | 47 |
| മഴ | 48 |
| പ്രളയ കെടുതി | 49 |
| വാർമതി | 50 |
| മഴത്തുള്ളികൾ | 51 |
| നേര് | 52 |
| ലഹരി | 53 |
| കാറ്റ് | 54 |
| ഓർമ്മകൾ | 55 |
| കക്കയത്തെ കാഴ്ചകൾ | 56 |
| അച്ഛൻ എൻ ജീവിതതാളം | 57 |
| ഉടുപ്പ് | 58 |
| അച്ഛൻ | 59 |
| മീനുകൾ | 60 |
| എൻ അമ്മ | 61 |
| നിശബ്ദത | 62 |
| പൂനിലാവ് | 63 |
| മഴവില്ല് | 64 |
| അമ്മ | 65 |
| ശലഭം | 66 |
| പ്രകൃതി | 67 |
| നക്ഷത്രം | 68 |

# മഴതൻ സൗന്ദര്യം

എന്താണതിൻ കാരണം?
കാണികളെ സ്തബ്ധ-
രാക്കാൻ കഴിവുള്ള
ഒന്നിറങ്ങി രസിക്കാൻ പ്രേരിപ്പിക്കുന്ന
സുഖദുഖങ്ങൾ മറന്നൊന്നാസ്വദിച്ച്
അതുമായി ലയിച്ചുചേർന്ന് രസിക്കാൻ
നമുക്ക് പ്രചോദനമേകുന്നവൻ.

പെയ്യുന്ന മഴയോ
പെയ്യാൻ വിതുമ്പുന്ന കാറോ മനോഹരം.
മഴ സൗന്ദര്യംതന്നെയോ?
അതോ അതിൻ ദുഖമോ?
വിഷണ്ണനോ സന്തോഷവാനോ?
അതിൻ ദുഖത്തിൽ നമ്മളാസ്വദിക്കുന്നു
വിങ്ങിക്കരയുന്ന ആകാശത്തേ -
ക്കൊന്ന് നോക്കുന്നില്ല
അതിൻ സങ്കടത്തിൽ
നമുക്ക് രസം നൽകുന്ന
മഴതൻ സൗന്ദര്യം അതുതന്നെ....

**ആഷേർ ബെന്നി**

# സെന്റ് മേരീസ് ഹൈസ്കൂൾ

1957 ലാണ് സ്കൂൾ സ്ഥാപിച്ചത്. മരുതോങ്കര പഞ്ചായത്തിലെ സർവ്വേ നമ്പർ 240/ ചാർട്ട് സ്ഥലത്താണ് മരുതോങ്കര സെൻറ് മേരീസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. ഏകദേശം 31/2 ഏക്കർ സ്ഥലത്ത് മികച്ച ദ്രൂപഭംഗിയോടെയുള്ള കെട്ടിടം സ്കൂളിനുണ്ട്.പഠന പ്രവർത്തനങ്ങളിൽ എന്ന പോലെ പാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ മുൻപന്തിയിലാണ്.

എന്നാൽ ഇപ്പോൾ സ്കൂളിന് അധ്യാപകരും അനധ്യാപകരും അടങ്ങുന്ന 27 സ്റ്റാഫുകളും HI TECH സൗകര്യമുള്ള 14 ക്ലാസ്സുകളും വിശാലമായ സ്കൂൾ ഗ്രൗണ്ടുമുണ്ട്.മാത്രമല്ല, സ്കൂളിന് സ്വന്തമായി ഒരു സയൻസ് ലാബും കമ്പ്യൂട്ടർ ലാബും ഒരു എക്കോ ക്ലാസ്സുമുണ്ട്.



# വസന്തം

മധുര മണം പോലു
തോൽക്കും
വസന്തകാലം.
വസന്തകാലം വന്നാൽ
പൂക്കളുടെ വരവാണത്.
മണത്തിന്റെ ഉണർ-വാണത്.
ഉന്മേഷത്തിന്റെ ചിരിയാണത്.

അലിൻഷ

# Online Moments




*In the world of screens and click,*
*Sharing thoughts,quick as a flick.*
*Likes and shares, a virtual cheer,*
*But real connections, hold them dear.*

*Scrolling through a digital space,*
*Searching for a friendly embrace.*
*Moments captured in pics and posts,*
*Yet offline warmth matters the most.*



# ഒരു അവധിക്കാലം

ഞാൻ ഒരു അവധിക്കാലത്ത് തിരുവനന്തപുരത്ത് പോയി. അവിടെ ഞാൻ കുറെ കാഴ്ച്ചകൾ കണ്ടു. മ്യൂസിയം പാർക്ക് മൃഗശാല മണിച്ചിത്രത്താഴ് ഷൂട്ട് ചെയ്യ്ത കൊട്ടാരം പൂന്തോട്ടങ്ങൾ പിന്നെ ഞാൻ ബോട്ടിൽ യാത്ര ചെയ്യ്തു എനിക്ക് അത് വളരെ അധികം ഇഷ്ടപ്പെട്ടു പിന്നിട്ട് ഞങ്ങൾ കടൽത്തിരത്തിൽ പോയി ട്രെയിനിൽ കയറി കുറെയധികം കാഴ്ചകളും കണ്ടു. പിന്നെ കുറെ വലിയ അമ്പലങ്ങളും പള്ളികളും കണ്ടു പിന്നെ കന്യാകുമാരിയിൽ പോയി അവിടെനിന്ന് സൂര്യന്റെ ഉദയവും അസ്തമയവും കണ്ടു പിന്നീട് ഞങ്ങൾ വീട്ടിലോക്ക് തിരിച്ചു...........

ഐശ്വര്യ റോയ്

# Sports and Atletics

sport and atleticse will help in helth and mental power

Sports will also help to focus in studies and other otems

Not only in studies in sports also we can achive our life

there are so many types of spots items

>Foodball
>Cricket
>Hockey
>Baseball
>Basketball



Joseph thomas

# പ്രണയം

ഹൃദയത്തിൽ നിന്നും
മുളച്ചുവരുന്ന
വർണമാണ് പ്രണയം ....
എൻ പ്രണയം
പ്രകൃതിയോടാണ്,
എൻ അമ്മയോടാണ്....
എൻ മനസ്സ് പ്രണയത്തിൽ
അലിയുന്നു......

ഋതുനന്ദ


# എൻ അമ്മ

എൻ അമ്മയെ ഞാൻ
ആദ്യമായി കാണുമ്പോൾ
ആ കണ്ണുകളിൽ ,
ഒരു വെട്ടം ഉണ്ടായിരുന്നു......
ഓരോ തവണ കാണുമ്പൊഴും,
ആ വെട്ടത്തിന്റെ തീഷ്ണത
ഞാൻ അറിയാൻ തുടങ്ങി......

ഐശ്വര്യ റോയ്







# മൊബൈൽ ഫോൺ

മാന്യസദസ്സിന് വന്ദനം, വേദിയിലിരിക്കുന്ന വിശിഷ്ടവ്യക്തികളെ, എന്റെ പ്രിയ കൂട്ടുകാരെ,ഞാൻ ഇന്നിവിടെപറയാൻപോകുന്നത് മൊബൈൽ ഫോണിനെ കുറിച്ചാണ്. മൊബൈൽ ഒരു മാധ്യമം എന്ന നിലയിൽ നല്ലവശങ്ങളും ചീത്ത വശങ്ങളും ഉണ്ട്.അകലെയുള്ള ആളുകളെ ബന്ധപ്പെടാനും കൂടുതൽ അറിവുനേടാനും സഹായിക്കുന്ന ഒരുപകരണമാണ്

ഫോൺ.അതേപോലെതന്നെ സൈബർആക്രമണങ്ങളും പണം തട്ടിയെടുക്കുന്നതും ഇതേ മാധ്യമം കൊണ്ടുതന്നെയാണ്.അതുകൊണ്ടുതന്നെ മൊബൈൽ ഫോൺ അമിതമായാൽ ആപത്തുതന്നെയാണ് ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ നിർത്തുന്നു. നന്ദി നമസ്ക്കാരം

സിയ കെ.എസ്



# പുലരി



ഇരുട്ടിൻ മറവിൽ നിന്ന്
ചിരിച്ചുകൊണ്ട് എത്തുന്ന പുലരി
കാണാനായി എന്തു ഭംഗി
സിന്ദൂര നിറവും പൂശി
നിൽക്കുന്നതുകാണാൻ എന്തു ചന്തം
നിന്റെ അരികിൽ വന്നിരിക്കാൻ ഞാൻ കൊതിക്കുന്നു.
ഞാൻ ഒരുപാട് കൊതിക്കുന്നു

ശിവനന്ദ ടി.പി

# അമ്മ




ജാനകിയമ്മയുടെ മക്കൾ വർഷങ്ങൾക്ക് ശേഷമാണ് തങ്ങൾ ജനിച്ചു വളർന്ന തറവാട്ടിൽ എത്തിയത്.എന്നാൽ അവരെ വരവേൽക്കാൻ ജാനകിയമ്മയില്ല.ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരിന്നെങ്കിലും ജീവിതത്തിന്റെ പാതിവഴിയിൽ തന്റെ സ്വപ്നങ്ങളെല്ലാം ഉപേക്ഷിക്കേണ്ടി വന്നു.വായനയിൽ ഏറെ താൽപ്പര്യം ഉള്ളതുകൊണ്ട് ചെറുപ്പം മുതൽതന്നെ വായിക്കുമായിരുന്നു ജാനകിയമ്മ.താൻ വായിച്ചതും എഴുതിയതുമായ കഥകൾ ജാനകിയമ്മ തൻെറ മക്കൾ ഉറങ്ങാൻ വേണ്ടി അവർക്ക് പറഞ്ഞു കൊടുക്കാറുണ്ടായിരുന്നു.




എന്നാൽ തന്റെ ഭർത്താവിന്റെ മരണത്തോടെ ഒറ്റയ്ക്ക് വീട്ടുജോലികൾ ചെയ്താണ് മക്കളെ വളർത്തിയത്.മക്കളെ ഒരു കുറവും അറിയിക്കാതെയാണ് ജാനകിയമ്മ വളർത്തിയത് എന്നാൽ വളർന്ന് ജോലി ലഭിച്ചതോടെ മക്കൾ ജാനകിയമ്മയെ വിട്ടു പോയി.അമ്മയെ കാണുവാനോ ഒന്നു സംസാരിക്കുവാൻ പോലും അവർക്ക് സമയമില്ലാതായി.

മക്കളെല്ലാവരും പോയതോടെ അമ്മ ഒറ്റയ്ക്കായി.ഇനിയും പുസ്തകങ്ങൾ വായിക്കണം എന്നാഗ്രഹമുണ്ടെങ്കിലും കണ്ണിന്റെ കാഴ്ച്ചക്കുറവ് കാരണം വായിക്കാൻ സാധിക്കുന്നില്ല.കുറേക്കാലത്തിന്റെ ഒറ്റക്കാവലിനു ശേഷം ജാനകിയമ്മ ലോകത്തോട് വിട പറഞ്ഞു.

റെന ഇടത്തിൽ

# ജീവിതം ഒരു നിമിഷം

ദിവസം പോകും തോറും ഒന്നും
മാറുന്നില്ല
എന്നാൽ തിരികെ നോക്കുമ്പോൾ
എല്ലാം
മാറിയിരിക്കു.
ഇന്നലെ പ്രഭാത കിരണങ്ങൾ
ഉദിക്കുമ്പോൾ
കണ്ട  മൊട്ടിനൊരു പൂവായ്
ഇന്നലെ വിടർന്ന നിന്ന പൂവിൽനിന്ന്
കൊഴിഞ്ഞ്
മണ്ണിൽ അലിഞ്ഞു കഴിഞ്ഞു.
ജീവിതം എന്ന മൂന്നക്ഷരത്തെ
വിവരിക്കാൻ
മൂവായിരം കണക്കിനു താളുകൾ
പോലും തികയില്ല.



# [illegible]

It was a trap i fall
when i know i can never
reach there
I am just covered by dark
All alone can i fight them
Loneliness and discrimination
is engulfing me and my
Inner self
All i know is there a lot
of faces
Emotionless or different masks
of emotion and expressions kept
changing one another in
different situation
and circumstances
How can i thrive light to
freedom
will i pass this drought
to spring
can i survive with this
wreckned ship
All i need is love
myself and have
Wisdom,courage
passion.
Confidence and compassion
forms a beam of light
that can lead to the
Beautiful island of success
Can i swim with my shackled
hands?
Can i reach my destiny or
make my own destiny and
destination?
Will i survive in the
thorns filled with
Rumours, pain and
sorrows?

# ജീവിതം

ജീവിതം ഒരു ശലഭമാണ് അതിനെ പിടിക്കാൻ
എത്രയൊക്കെ ശ്രമിച്ചാലം അതിനെ അത്ര
പെട്ടന്ന്
പിടിക്കാൻ കഴിയില്ല.
അവസാനം അതിന്റെ
ജീവിതം കഴിഞ്ഞിട്ടുണ്ടാവും
 അതു പോലെയാണ്
നമ്മുടെ ജീവിതവും പരാജയങ്ങളിൽ രക്ഷപ്പെട്ട്
ജീവിതം തുടങ്ങുമ്പോഴേക്കും ജീവിതം
അവസാനിച്ചിട്ടുണ്ടാവും.

വൈഗ

# തിരമാലകൾ

കരയെ ഒന്ന് തലോടി
പോകുന്ന തിര
കരയ്ക്ക് എത്രയോ
പ്രിയപ്പെട്ടതാണ്...
ഇന്നലെ കണ്ട തിരമാലയുടെ
ശബ്ദം ഇന്നുമെൻ
ചെവിയിൽ മുഴങ്ങുന്നു
ഒരു തവണ കണ്ട
തിരമാലയിന്നുമെനിക്ക്
പ്രീയമുള്ളതാണ്.

വൈഗ

# നീലനിലാവ്



ഉദ്യാനമാവും വിണ്ണിൽ,
പൂക്കളാകും നക്ഷത്രങ്ങ-
ളെതഴുകിയുണർത്തും
നിലാവിനെന്തു ഭംഗി!
ഇരുളിനെ അനന്തമാ-
ക്കും നിന്നോട് പ്രണയ-
മെനിക്ക്

കാർത്തിക്

# കണ്ണ് കാണാത്ത പാവ

ഇത്രയും സുന്ദരമാം മഹി ആസ്വദിക്കാൻ
ഒരു നോക്കു കാണുവാൻ നിനക്ക് കഴിയുന്നില്ലല്ലോ
പൂക്കളെ  ചിരിപ്പിച്ചു കൊണ്ട്
പൂർവദിങ്മുഖത്തുദിക്കുന്ന അരുണന്റെ സൗന്ദര്യം
കാണാൻ നിനക്ക് സാധിക്കുന്നില്ലല്ലോ

മുല്ലമൊട്ടുകൾ പോലെ ഉഡുംപക്തി വാനിൽ
വാരി വിതറിക്കൊണ്ടെത്തുന്ന സന്ധ്യയെയും
ചന്ദ്രന്റെ അതി മനോഹരമായ പൂനിലാവ്
ഭൂമി മുഴുവൻ പരത്തിക്കൊണ്ടെത്തുന്ന
രജനിയും നിനക്ക് കാണാൻ സാധിക്കുന്നില്ലല്ലോ

അല്ലയോ അന്ധയാം പാവയെ ഇതൊന്നും
കാണാൻ നിനക്ക് സാധിക്കുന്നില്ലെങ്കിലും
ഈ ഭൂമിയിൽ മനുഷ്യർ ചെയ്യുന്ന
ഒരു ദുഷ്ട പ്രവർത്തിയും നിനക്ക്
കാണേണ്ടതില്ലല്ലോ,ആ കാര്യത്തിൽ
നീ എത്ര ഭാഗ്യവതിയാണ്.

**റെന ഇടത്തിൽ**

# മേഘം



മഴയിൽ കുളിരുന്ന നാടിനെ
കാണാൻ എന്തൊരു ഭംഗി
മഴയിൽ കാണുന്ന മേഘമോ
പഞ്ഞി കേട്ടു പോൽ കാണുന്നു
ആകാശം നിറയെ
പഞ്ഞിയാൽ
ഇടയിൽ കയറുന്നു മിന്നൽ
മിന്നലിൽ തിളക്കമോ മായില്ല
മേഘത്തിൽ ഭംഗിയോ
പോവില്ല മേഘങ്ങൾ ഓടും നേരം
ഇടയ്ക്കിടയ്ക്ക് മാറുന്ന
നിറമോ
മേഘത്തിലൻ ഭംഗിയെ മാറ്റി കുറിച്ചിട്ടും
മേഘമായി ഭംഗിയായി ലോലമായി
പൊട്ടി വിരിയുന്ന പൂവിനെ പോൽ
ഭംഗിയായി നിന്നൊരു മേഘമാം മേഘം
എണ്ണിയാൽ തീരാത്ത മേഘമാണീ മേഘം
അളക്കുവാൻ കഴിയാത്ത ഭംഗിയാണല്ലോ
സൂര്യനെ കാണുമ്പോൾ മറയുന്നു
മേഘം കാറ്റിനെ കാണുമ്പോൾ
ഓടുന്ന മേഘം രാത്രിയിൽ മേഘത്തെ തിളക്കുന്ന
നിലാവിൽ തിളങ്ങുന്നു മിന്നുന്നു
മറയുന്നു

ഫിസ






# പ്രകൃതി മലിനീകരണം

പ്ലാസ്റ്റിക്ക് വലിച്ചെറിയൽ, കുന്നിടിക്കൽ, ജലമലിനീകരണം, പരിസ്തിതിമലിനീകരണം, വയൽനികത്തൽ ഇങ്ങനെ ഒട്ടേറെ മനുഷ്യന്റെ പ്രവൃർത്തികൾ കാരണം കുറേ പാവപ്പെട്ട ജനങ്ങളാണ് കഷ്ട്ടപ്പെടുന്നത്. സുനാമി,പ്രളയം, മണ്ണിടിച്ചിൽ ഇങ്ങനെ ഒട്ടേറെ വിപത്തുകൾ ഉണ്ടാകാറുണ്ട്..

സിയ കെ.എസ്




# ഓർമ്മകൾ

വാക്കുകൾ കൊണ്ട് വർണ്ണിക്കാനാവാത്ത
കാലമായിരുന്നത്



ഏറെ മാധുര്യം നിറഞ്ഞയാ കാലം
ചിരിച്ചും കരഞ്ഞും പോയൊരു കാലം
കാലം  കാലമേ നീയെത്ര മാറിയാലും
ഓർമ്മകൾ എന്നും ചിരസ്ഥായിയാണ്

വാക്കുകൾ കൊണ്ടു വർണിക്കുവാനാവത്ത
ഏറെ മധുരമാം ബാല്യകാലം

കളിച്ചും ചിരിച്ചും കരഞ്ഞും പിഴിഞ്ഞും
ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞകാലം
പൂമുകൾ പോലെ വിടർന്ന കാലം
പൂമ്പാറ്റ പോലെ പറന്ന കാലം
കാലമിനിയെത്ര മാറിയാലും
ഓർമ്മകൾ ഒളിമങ്ങില്ലൊരുനാളിലും.

ആഗ്നസ് വിനീത്



# MOON

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

Agnas vineeth

# കാർമേഘം

വളരെ ഒരു മഹത്തായ സ്ഥാനം കാർമേഘത്തിനുണ്ട്.
പക്ഷെ കാർമേഘത്തിനെ ആരും അങ്ങനെ വർണ്ണക്കാറില്ല.
മഴയെ ഏവരും വർണ്ണിക്കുമ്പോൾ മഴ ഉത്ഭവിക്കുന്ന കാർമേഘത്തെ
ആരും ശ്രദ്ധിക്കാറ് പോലുമില്ല. സൂര്യനും ചന്ദ്രനുമൊക്കെ വെളിച്ചത്തിന്റെ
പ്രതീകമാണങ്കിൽ കാർമേഘത്തെ ഇരുട്ടിന്റെ പ്രതീകമായി കാണുന്നു. ഒരു
പക്ഷെ കാർമേഘം ഇല്ലായിരുന്നുവെങ്കിൽ നമ്മുക്ക് പലതിന്റേയും ഭംഗി നമ്മുക്ക്
ആസ്വദിക്കാൻ പറ്റി എന്ന് വരില്ല. മഴയും മഴവില്ലുമെല്ലാം ആളുകൾ ആളുകൾ
ആസ്വദക്കുന്നു. കാർമേഘത്തെ ആരും അങ്ങനെ ആസ്വദിക്കാറില്ല. ചിലപ്പോൾ
കാർമേഘത്തിന് ഭാക്കിയുള്ളതിന്റെ അത്ര ഭംഗി കാണാത്തതുകൊണ്ടായിരിക്കാം.
എല്ലാം ദൈവ സൃഷ്ടിയാണ്. നമ്മൾ എല്ലാത്തിനേയും അംഗീകരിക്കണം.

# അമ്മ എന്ന ചോദ്യ ചിഹ്നം?

അമ്മ നമ്മളിൽ ആരായിരുന്നു?
ഏതൊക്കെ വിധത്തിൽ
നമ്മുടെ മുന്നിൽ വന്നിരുന്നു?
പാചകത്തിലോ പരിവാരത്തിലോ
ശുശ്രൂഷയിലോ അറിവിലോ
നമ്മളെ ആദ്യമായി ഉരിയാടാൻ പഠിപ്പിച്ച
നമ്മുടെ ജീവിതത്തിലെ
ആദ്യ അധ്യാപികയായി
ആദ്യ ഡോക്ടറായി
അങ്ങനെ എല്ലാം എല്ലാമായി
എങ്കിലും അമ്മ എന്ന രണ്ട് അക്ഷരത്തിൽ
ഉളവാകുന്നത് എന്തെല്ലാമാണ്?
ശരിക്കും അതൊരു ചോദ്യഹ്നം ആണോ
അതോ ജീവിതത്തിന്റെ ഉത്തരമാണോ

മാളവിക കെ എസ്സ്

# കുപ്പായം

ഒരിടത്തൊരിടത്ത്
ഒരു ദരിദ്രരായ
കുടുംബമുണ്ടായിരുന്നു. അമ്മയും
അച്ഛനും മകളും അടങ്ങുന്ന ഒരു
കൊച്ചു കുടുംബമാണ് അത്.
മൂന്നാം ക്ലാസുകാരിയായ
മീനുവിന്റെ വലിയ ആഗ്രഹമാണ്
പുതിയ കുപ്പായം
വാങ്ങണമെന്നത്.
സ്കൂൾ വിട്ട് വീട്ടിൽ വന്ന്
അവൾ അമ്മയോട്
ഇങ്ങനെ പറഞ്ഞു “അമ്മേ
സ്കൂളിലെ അധിക
കുട്ടികൾക്കും പുതിയ
കുപ്പായം ഉണ്ട് .എനിക്കും
വേണം പുതിയ കുപ്പായം”. അമ്മ
പറഞ്ഞു “മോളെ അച്ഛന്റെ
കയ്യിൽ പൈസ ഇല്ല ”.മീനു വാശി
പിടിച്ചു. അമ്മ ഈ കാര്യം
അച്ഛനോടുപറഞ്ഞു . അച്ഛനും
അമ്മയും കൂടി ഒരു
തീരുമാനം എടുത്തു.
അമ്മ വർഷങ്ങളായ് കൂട്ടിവച്ച
പൈസ ഉള്ള കുടുക്ക
പൊട്ടിച്ചു .അത് മീനു കണ്ടു
അവൾക്ക് സങ്കടം
വന്നു.അമ്മയോട് അവൾ
ഇങ്ങനെ പറഞ്ഞു. “അമ്മ
എന്നോട് ക്ഷമിക്കണം എനിക്കു
മാത്രം പുതിയ കുപ്പായം
ഇല്ലാതത്തിന്റെ സങ്കടംകൊണ്ട്
പറഞ്ഞുപോയതാണ്”. “അത്
സാരമില്ല നിനക്ക് ഞാൻ നാളെ
വാങ്ങിത്തരാം”അമ്മ പറഞ്ഞു.
“എനിക്ക് പുതിയ കുപ്പായം
വേണ്ട, ആ കാശുകൊണ്ട്
നമ്മുക്ക് ഭക്ഷണസാധനം
ഇല്ലാത്ത സമയത്ത്
ഭക്ഷണസാധനങ്ങൾ
വാങ്ങാം”



ശ്രീപ്രിയ,നിവേദ്യ

# വിയർപ്പിന്റെ വില

''എടീ, ഒരു കട്ടന് പറഞ്ഞിട്ട് കൊറേ നേരമായല്ലോ നീ എന്തെടുക്കുവാ.''രാമൻകുട്ടി മുറ്റത്തിരുന്ന പത്രമെടുത്ത് ഉമ്മറത്തിരുന്ന ചാരുകസേരയിലേക്കിരുന്നുകൊണ്ട് പറഞ്ഞു.

''ദേ വരുന്നു.'' അടുക്കളയിൽ നിന്ന് സുമതി കട്ടനുമായ് പാഞ്ഞു വന്നു.

അപ്പോഴാണ് കുമാരൻ ഞെട്ടിക്കുന്ന വാർത്തയുമായ് എത്തുന്നത്... ''രാമൻകുട്ടിചേട്ടാ... '' കുമാരൻ ഓടിക്കിതച്ചു വന്നു. ''നീ കിതക്കാതെ കാര്യം പറയടാ.''

''കാട്ടീന്ന് ആന ഇറങ്ങി നമ്മുടെ വയലിലെ നെല്ലെല്ലാം ചവിട്ടി നശിപ്പിച്ചു.'' ''എന്റെ ഗുരുവായൂരപ്പാ ഞാൻ എന്താ ഈ കേൾക്കുന്നെ, എന്റെ തല കറങ്ങുന്നതു പോലെ ''

''രാമൻകുട്ടി ചേട്ടാാ.. എഴുന്നേൽക്ക് '' സുമതിയുടെ വിളി കേട്ടാണ് രാമൻകുട്ടി എഴുന്നേറ്റത് അവളുടെ കയ്യിൽ ഒരു ഗ്ളാസ്സ് കഞ്ഞിവെള്ളവും ഉണ്ടായിരുന്നു.

അയാൾ ഒരു തോർത്തുമെടുത്ത് വയലിലേക്ക് ഓടി കുമാരൻ പറഞ്ഞതെല്ലാം സത്യമായിരുന്നു. ആന തന്റെ വയലെല്ലാം നശിപ്പിച്ചിരുന്നു. അപ്പോൾ തന്നെ പോലീസ്റ്റേഷനിലേക്ക് പോയി തന്റെ നാശനഷ്ടത്തിനുള്ള

# കൊഴിയും ഇല

കാലമേറെയായ് ഞാൻ
നിൻ കൂടെ,
കൊഴിഞ്ഞുപൊകുമെന്നറിഞ്ഞിട്ടും
ഒരുപാട് സ്നേഹിച്ചു
പൂവാകും എൻ സഖിയെ....
എന്നോട് നീ ക്ഷമിക്കു,
കൂടെ നിക്കണമെന്നില്ലാഞ്ഞിട്ടല്ല
വൈകീട്ടെത്തും കാറ്റിന്
എനിക്കിരയായെ തീരൂ........

– ശ്രീപ്രിയ

# ഓണക്കാലം

ഓണക്കാലം വരവായി
ഓണത്തപ്പൻ വരവായി
പൂക്കളമിടുവാൻ കൂട്ടരെവാ
ഓടി ചാടി കളിച്ചീടാലോ.
ഓണക്കോടി ഉടുത്തിട്ട്
ഓണപ്പൂക്കളമിട്ടിട്ട്
ഓണസദ്യ ഉണ്ണാലോ
വാ കൂട്ടരെ വരൂ കൂട്ടരെ.
നമുക്ക് ഒന്നിച്ച് ആഘോഷിച്ച്
ഓണപ്പാട്ട് പാടാലോ
ഓണക്കളികൾ കളിക്കാലോ
വന്നാലും എൻകൂട്ടരെ വന്നാലും...

ശിവനന്ദ ടി പി

# സൗഹൃദം

ഒരിക്കൽ ഒരു നാട്ടിൽ അനു മീനു എന്നു പേരുള്ള രണ്ടു സുഹൃത്തുക്കൾഉണ്ടായിരുന്നു
അവർ രണ്ടു പേരും അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടികളായിരുന്നു. അവർ രണ്ടു
പേരു നല്ല കൂട്ടുക്കാരായിരുന്നു. അവരുടെ ക്ലാസിൽ തന്നെ ഉള്ള ഒരു കുട്ടിയാണ്
അഞ്ചു. അവൾക്ക് കൂട്ടുക്കാരാരുമില്ല. അതുകൊണ്ട് തന്നെ അനുവും മീനുവും നല്ല
കൂട്ടുക്കാ രായിരിക്കുമ്പോൾ അഞ്ചുവിൽ അസൂയ തോന്നും. പക്ഷേ അതവൾ
പുറത്തു കാണിച്ചില്ല. ഒരിക്കൽ അനുവും മീനുവും ക്ലാസിലിരുന്ന്
സംസാരിക്കുകയായിരുന്നു. അപ്പോൾ അഞ്ചുഅവർക്കിടയിൽ ചെന്നിരുന്നു
എന്നിട്ട് അനുവിനോട് പറഞ്ഞു. നീയെന്തിനാണ് മീനുവിനെ കുറിച്ച് കള്ളം പറഞ്ഞു
നടക്കുന്നത് അപ്പോൾ മീനു അനുവിനോട് തെറ്റി അവിടെ നിന്ന് പോയി അനു
കുറെ അവളോട് സത്യം എന്താണ് എന്ന് പറയാൻ നോക്കിയിട്ടും
മീനു അത് കേട്ടില്ല മീനു പിന്നീട് അനുവിനോട് മിണ്ടിയതേയില്ല അഞ്ചുവിനോട് മാ
ത്രം സംസാരിക്കും. അപ്പോൾ അനു ഒറ്റയ്ക്കായി അനു മീനുവിന്റെ ഉള്ളിൽ ഉള്ള
തെറ്റദ്ധാരണ മാറ്റാൻ ശ്രമിച്ചു എന്നാൽ അനുവിന് അത് മാറ്റാൻ സാധിച്ചില്ല .
അങ്ങനെ ഒരിക്കൽ അഞ്ചുവും മീനുവും മൈതാനത്ത് നടന്നു കൊണ്ടിരിക്കുമ്പോൾ
മീനു തറയിൽ വീണു എന്നാൽ ചീത്ത കൂട്ടുക്കാരിയായ അഞ്ചു അവളെ
എഴുന്നേൽപ്പിച്ചില്ല. എന്നാൽ നല്ല കൂട്ടുക്കാരിയായ അനു ഓടിവന്ന് മീനുവിനെ
എഴുന്നേൽക്കാൻ
സഹായിച്ചു. അപ്പോൾ മീനുവിൻ നല്ല കൂട്ടുക്കാർ ഏതാണെന്ന് ഒക്കെ മനസ്സിലായി.
ത,ത അഞ്ചുവും മീനുവും നല്ല സുഹൃത്തുക്കളായി.



# ഇറ്റലിനെ പേടിച്ചോടിയ നരി

ഒരിടത്തൊരിടത്ത് ഒരു ബാപ്പയും മകളും ഉണ്ടായിരുന്നു. അവർക്ക് ധാരാളം കന്നുകാലികൾ ഉണ്ടായിരുന്നു. ദിവസവും അവർ അതിനെ മെയ്ച്ചിൽ പുറങ്ങളിലേക്ക് അയിച്ചു വിടും. രാവിലെ അഴിച്ചു വിട്ടാൽ സന്ധ്യയാകുമ്പോൾ തിരിച്ചു വരും. ഈ പ്രകൃതം തുടർന്നു. അങ്ങനെ ഇരിക്കെ മഴകാലം ആരംഭിച്ചു. ആ പ്രദേശത്ത് നരി ഇറങ്ങി.നേരമിരുട്ടിയാൽ ആരും പുറത്തിറങ്ങില്ല. ബാപ്പയും മകളും ഭക്ഷണം കഴികുക്കയായിരുന്നു. അപ്പോൾ കന്നുകാലികളെ അകത്താക്കാം എന്ന ലക്ഷ്യത്തോടെ നരി തൊഴുത്തിൽ കയറി നിന്നു. തൊഴുത്തിൽ നിന്ന് ശബ്ദം കെട്ട മക്കൾ ബാപ്പയോട് പറഞ്ഞു. "ബാപ്പാ നമ്മടെ മൊഞ്ചത്തി വന്നൂന്ന് തോന്നുന്നു .ബാ ബാപ്പാ നമ്മുക്ക് അതിനെ കെട്ടിയിടാം ."ബാപ്പയും മകളും പശുകുട്ടിയെ കെട്ടാൻ പോയി.മകൾ പറഞ്ഞു "ബാപ്പാ നരി ഉണ്ടാകും സൂക്ഷിച്ചോ..." "എനക്ക് നരിയെ അല്ല പേടി ഇറ്റലിനെ ആണ് പേടി മോളെ." തന്നെക്കാൾ ഏന്തോ വലിയ ജീവിയാണത് എന്നു കരുതി നരി ഓടി പോയി. പക്ഷെ ബാപ്പ ഉദ്ദേശിച്ചത് മഴത്തുള്ളി തുള്ളിയായ് വീഴുന്നതാണ് .അതു കണ്ട് രണ്ടുപേരും ചിരിച്ചു...

–ശ്രീപ്രിയ

# പിങ്കിയുടെ സ്വപ്നം

അച്ഛനും അമ്മയും മുത്തശ്ശിയും അടങ്ങുന്ന ഒരു കൊച്ചു കുടുംബമാണ് പിങ്കിയുടേത്.ദിവസവും അവൾ ഉറങ്ങാൻ കിടക്കുന്നതിനുമുമ്പ് മുത്തശ്ശി അവൾക്ക് കഥ പറഞ്ഞുകൊടുക്കും. മറ്റു കുട്ടികളിൽ നിന്നും അവൾ തികച്ചും വ്യത്യസ്തയാണ് കാരണം

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവൾ അസാധാരണമായ സ്വപ്നങ്ങൾ കാണും.അതെല്ലാം നിത്യജീവിതത്തിൽ സംഭവിക്കും.അതുകൊണ്ട് തന്നെ പലരെയും അവൾ ആപത്തിൽ നിന്ന് രക്ഷിക്കും. അതുപോലൊരു ഒരു ദിവസം അവൾ കണ്ട സ്വപ്നം, ഒരു കുട്ടി പുഴയോരത്ത് കളിച്ചുകൊണ്ടിരുന്നപ്പോൾ പുഴയിൽ വീഴുന്നതായിരുന്നു. അവൾ ആ സ്വപ്നംകണ്ട് ഞെട്ടി എഴുന്നേറ്റു. അവൾ അതിനെക്കുറിച്ചുതന്നെ ആലോചിച്ചുകൊണ്ടിരിക്കെ മുത്തശ്ശി വിളിച്ചുപറഞ്ഞു..."പിങ്കീ പുഴയിൽ പോയി തുണിയെല്ലാം അലക്കൂ..."മുത്തശ്ശി പറഞ്ഞതുകേട്ടു അവൾ പോയി. അവൾ

അലക്കികൊണ്ടിരിക്കെ സ്വപ്നത്തിൽ കണ്ട
അതെ  കുട്ടി പുഴയോരത്ത് കളിക്കുന്നത്
കണ്ടു. സ്വപ്നത്തിൽകണ്ടതു നടക്കുമെന്ന് ഭയന്ന്
അവൾ ആ കുട്ടിയുടെ അടുത്തേക്കു
ഓടിയെത്തും
മുൻമ്പുതന്നെ ആ കുട്ടി വെള്ളത്തിൽ വീണു.
നീന്തലറിയാഞ്ഞിട്ടും പിങ്കി വെള്ളത്തിൽ
ഇറങ്ങി,
ആ കുട്ടിയെ രക്ഷിച്ചു. അങ്ങനെ പിങ്കി ആ
നാട്ടുകാരുടെ പൊന്നോമനയായി മാറി...

# അമ്മുവിന്റെ ഓർമ്മകൾ

മാഡം ദേ ഒരു കത്തുണ്ട്. പോസ്റ്റ്മാന്റെ വിളികേട്ടാണ് അമ്മു ഉണരുന്നത്.ഇന്ന് അവളുടെ പിറന്നാൾ ആണ്. അവൾ തന്റെ വീൽചെയർ ഉന്തികൊണ്ട് വീടിന്റെ പുറത്തേക്കുവന്നു. മാഡം ദേ ഇവിടെ ഒരു ഒപ്പിടൂ... പോസ്റ്റ്മാൻ ഒരു കുറി അമ്മുവിന്റെ കൈയ്യിലേക്ക് കൊടുത്തു. അവൾ ആകാംഷയോടെ കവർ പൊട്ടിച്ചു... തന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണ് പിറന്നാൾ ആശംസകൾ അറിയിച്ചുകൊണ്ട് കത്തയച്ചത്. അവൾക്ക് വളരെ സന്തോഷമായി ഇപ്പോൾ ഒരു വർഷമായി അവളുടെ കാലുകൾ തളർന്നിട്ട്. അകത്ത് വായ്ക്കുമ്പോൾ അമ്മുവിന്റെ കണ്ണുനിറഞ്ഞിരുന്നു. അവിടെ അവൾ പ്രതീക്ഷിക്കാത്ത ഒരു സംഭവം നടന്നു. അമ്മുവിന്റെ കൂട്ടകാർ പിറന്നാൾ കേക്കുമായിവന്നു... അവൾ വളരെ സന്തോഷവതിയായി. അമ്മു കണ്ണീരോടെ കേക്കു മുറിച്ചു...

സിയ കെ.എസ്

# അത്യാഗ്രഹിയായ അപ്പുണ്ണി

അപ്പുണ്ണി ഓരു സാധാരണ പാൽ വിൽപ്പനക്കാരനായിരുന്നു. അയാൾ കുറെ നാട്ടുകളിൽ പോയി പാൽ വിൽക്കുമായിരുന്നു. അയാൾക്ക് ആറ് പശുക്കളും ഉണ്ടായിരുന്നു. രാവിലെ നാല് മണിക്ക് എഴുന്നേറ്റ് പശുവിന് തീറ്റക്കൊടുത്ത് പാലും കറന്ന് അയാൾ പാൽ വിൽക്കാനായി പോകുമായിരുന്നു. ഒരിക്കൽ അയാൾ രാവിലെ എന്നത്തെയും പോലെ പശുവിന് തീറ്റകൊടുക്കാനായി ആലയിലേക്ക് പോയി. അപ്പോൾ അയാളുടെ നാല് പശുക്കൾ ചത്തുകിടക്കുന്നു. അയാളുടെ ആകെ വരുമാനമായിരുന്നു പശുവിന്റെ പാൽ വിറ്റുക്കിട്ടുന്നത്. അയാൾക്ക് ഏറെ വിഷമമായി. അപ്പോൾ അപ്പുണ്ണി തന്നോടുതന്നെ പറഞ്ഞു. ഞാനിനി എങ്ങനെ നാട്ടുകളിലെല്ലാം പോയി
പാൽ വിൽക്കും?.പിറ്റെ ദിവസം മുതൽ അയാൾ പാലിൽ വെള്ളം ചേർക്കാൻ തുടങ്ങി. പിന്നെ പിന്നെ പാലിനേക്കാൾ വെള്ളം ചേർത്തു തുടങ്ങി. അങ്ങനെ ഓരോ ദിവസവും കടന്നു പോയി. ഒരു ദിവസം അപ്പുണ്ണിയുടെ പാൽ വാങ്ങുന്ന ഒരാൾ അപ്പുണ്ണി പാലിൽ വെള്ളം ചേർക്കുന്നത് കണ്ടു. ഇത് കണ്ടയാൾ ഗ്രാമത്തിലെ തലവനോട് പറഞ്ഞു. അങ്ങനെ ഗ്രാമതലവൻ അയാൾക്ക് കടുത്ത ശിക്ഷ നൽകി. അങ്ങനെ അത്യാഗ്രഹിയായ അപ്പുണ്ണി ഒരു പാഠം പഠിച്ചു.

അവന്തിക





# കിളികൾ

വർണ്ണ ചിറകുകൾ പാറി ഉയരും
വർണ്ണ പകിട്ടാം കിളികൾ
സംഗീത ലഹരിയിൽ പാടി ഉറക്കും
ഗായകരാണീ കിളികൾ
കാറ്റിൽ രസിച്ചും കളിച്ചും
നന്മ തെളിക്കും കിളികൾ
കായ്ഘനികളെ വൈരങ്ങളാക്കും
ജാലകക്കാരാണ് കിളികൾ
മഴയിലും മഞ്ഞിലും
തണലുകൾ തേടി നടക്കും കിളികൾ
പ്രകൃതിയിൽ വരതാന മായിപ്പിറന്നീ
സൗഭാഗ്യമാണീ കിളികൾ
പലനിറ വർണ്ണമായി കാണാം
ഈ കിളികളെ
ഗാനാലാപനം ജന്മ സിദ്ധമാം
ഗാന്ധർവ്വയാമം കിളികൾ..............

അവന്തിക

# അമ്മത്താറാവ്

ഒരിക്കൽ ഒരു വലിയ കാട്ടിൽ ഒരു അമ്മത്താറാവ് ഉണ്ടയിരുന്നു. ആ അമ്മത്താറാവിന് രണ്ട് മക്കൾ ഉണ്ടയിരുന്നു. ആ മക്കൾക്ക് ഭക്ഷണം തേടി ആ അമ്മത്താറാവ് കുറെ നടന്നു. എന്നിട്ടും അമ്മത്താറാവിന് ഒന്നും കിട്ടിയില്ല. പിന്നയാണ് ആ അമ്മത്താറാവിന് ഒരു സ്ഥലം ഓർമ്മ വന്നത് പക്ഷേ ആ അമ്മത്താറാവിന് അവിടേക്ക് പോകുവാൻ ഭയമായിരുന്നു. എന്നിട്ടും അമ്മത്താറാവ് അവിടെയുള്ള ഒരു വലിയ ഗുഹയിലേക്ക് പോയി. കുറച്ച് സമയം കഴിഞ്ഞിട്ടും അമ്മതാറാവിനെ കണ്ടില്ലലോ എന്ന് അവർ രണ്ട് പേരും പറഞ്ഞു. എന്നിട്ട് അവർ ആ ഒരു വലിയ ഗുഹകണ്ടു പിടിച്ചു എന്നിട്ട് അവർ അവിടേക്ക് പോയി. അപ്പോൾ അവർ അവിടെ കണ്ട ഒരു കഴ്ച അമ്മത്താറാവ് അവിടെ മരിച്ചു കിടക്കുന്നതായിരുന്നു.അപ്പോൾ തന്നെ അവർ അവിടെ ഇരുന്ന് കരായാൻ തുടങ്ങി ഇവരുടെ കണ്ണുനീർ ആ അമ്മത്താറാവിന്റെ മുഖത്ത് വിണു. അപ്പോൾ അവിടെ ഒരു അത്ഭുതം സംഭവിച്ചു. ആ അമ്മത്താറാവ് കണ്ണ് മെല്ലെ മെല്ലെ തുറന്നു.



-ഐശ്വര്യ റോയ്

# കളിപ്പാവ

അമ്മു എന്നു പറഞ്ഞ
ഒരു കുട്ടിയുണ്ടായിരുന്നു.
അവളുടെ വീട് ഒരു
നാട്ടിൻപ്പുറത്തായിരുന്നു.
അവളുടെ അഛൻ ഒരു
മുഴുകുടിയനായിരുന്നു.
അവളുടെ അമ്മ
കൊണ്ടുവരുന്ന
തുഛമായ വേദനം
കൊണ്ടാണ് അവളുടെ
കുടുംബം
കഴിഞ്ഞുപോയത്.അവള
ുടെ ചേട്ടൻ തന്ന ഒരു
പാവ ആയിരുന്നു
അവളുടെ ഏക ആശ്രയം.
ഒരു ദിവസം അവൾ
കളിച്ചുകൊണ്ടിരികുമ്പോ
ൾ അവളുടെ അഛൻ
കുടിച്ചിട്ട് വീട്ടിലെക്ക്
വന്നിട്ട് അവളുടെ
അമ്മയെ തല്ലി അതു
കണ്ടു വന്നവൾ അഛനെ
പിടിച്ചു മാറ്റാൻ
ശ്രമിച്ചപ്പോൾ അഛൻ

അവളെ തള്ളി,തലയടിച്ച്
അവൾ വീണു ,
ബോധരഹിതയായി.ആ
ശുപത്രിയിൽ
എത്തുന്നതിനു മുമ്പ്
അവൾ മരണപെട്ടു
കുറ്റബോധം കാരണം
അവളുടെ അഛൻ
പുതിയ ഒരു
മനുഷ്യനായി മാറി.

ഐശ്വര്യ ,ശ്രീപ്രിയ

# പൂനിലാവ്

ഇരുട്ടിൽ അണയാത്ത വെളിച്ചവുമായി
എത്തുന്ന നിലാവെ നിന്നെ കാണാൻ എന്തു
ഭംഗി.
ഇരുട്ടിൽ അണഞ്ഞു പോകാതെ
നിൽക്കുന്ന നിലാവിലേക്ക്
നോക്കി നിൽക്കുവാൻ തന്നെ
എന്തു കാന്തി.
അത്രയും അഴകാണ് പൂനിലാവായി
നിന്നെ കണ്ടിരിക്കാൻ...

ശിവനന്ദ ടി പി

# പഴഞ്ചൊല്ലുകൾ

◇ കാക്ക കുളിച്ചാൽ കൊക്കാകില്ല

കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്

◇ പശുവിന്റെ കടിയും മാറും കാക്കയുടെ വിശപ്പും മാറും

◇ കടൽ കാഞ്ഞാൽ കുതിര വൈക്കോലും തിന്നും

◇ കുരയ്ക്കും പട്ടി കടിക്കില്ല

◇ കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽതന്നെ

◇ കുരങ്ങന്റെ കൈയ്യിലെ പൂമാലപോലെ

നിദ





# മഴ

മഴ വന്നു വാർമേഘത്തിടയിലൂടെ
മലകളിലൂടെ ഒഴുകി വരും മഴ
മഴയിതെന്തു ഭംഗി..........
പാവപ്പെട്ടവൻ സഹായമായും ദുരന്തമായും
എത്തും മഴ.........
ഒരോരുത്തരും കാത്തിരിപ്പോ മഴ
മഴയിൽ കുളിർപ്പത് കൊളളുന്നു ചിലർ
മേഘത്തിൽ ഭംഗിയേകി വന്നൊരു മഴ .........
കുട്ടികൾ കളിക്കുമാമഴയിൽ
ഇതെന്തു സുന്ദരമാം മഴ
ഇതെന്തു മഴാ.............

നിദ

# പ്രളയ കെടുതി

ഒരു മഴക്കായ് നാം കാത്തിരുന്നു
മണ്ണിൽ നനവാർന്ന പുതുഗന്ധം
ശ്വസിക്കാൻ എന്തു മോഹം.
വന്നിതാ പെരുമഴ കോടമഴ പുഴകവിഞ്ഞ്
പുരനിറഞ്ഞ്
നനവാർന്ന മഴയിൽ കുളിക്കുവാൻ മോഹം
വന്നിതാ മഴ പെരുവെള്ളമായി
ഓടുന്നു ചാടുന്നു ജീവജാലങ്ങൾ
പായുന്നു ചായുന്നു മനുഷ്യജന്മം
ജാതിമത വർഗ്ഗ വിവേചനമില്ലാതെ
ഒത്തൊരുമായി വസിച്ചകാലം
പ്രളയമെന്ന മൂന്നക്ഷരം പഠിപ്പിച്ചു
നമ്മെ ഒരുവയെന്ന മൂന്നക്ഷരം



മാളവിക കെ എസ്സ്

# വാർമതി

ജീവിതത്തിന്റെ ഇരുണ്ട നിമിഷങ്ങളിൽ
എന്നുമെനിക്ക് നിലാവ് പകർന്ന വാർമതി
എനിക്കെന്നും പ്രിയപ്പെട്ടതാണ്.
കൈയ്യെത്തും ദൂരത്താണെങ്കിലും
മറ്റെന്തിനെക്കാളും എന്റെ ജീവിതം
നിന്നിലാണ് പ്രകാശത്തിലായത്.
അപൂർണതയിലാണെങ്കിലും എന്നും
നീ മനോഹരമാണ് .
ഓരോ ദിവസവും ഓരോ
രൂപത്തിലാണെങ്കിലും എന്നും നീ
തന്ന വെളിച്ചമാണ് എന്റെ ജീവിതം
മാറ്റിയത്. നീയില്ലാത്ത ഓരോ
ദിവസവും എന്റെ മനസ്സിന്
പ്രകാശം തരാൻ ആരുമില്ല.

# മഴത്തുള്ളികൾ

**വജ്രക്കല്ലുപോൽ തിളങ്ങും നീ,**
**കുളിരുകൊള്ളിക്കും ഹൃദയങ്ങളെ.....**
**മേഘത്തിൻ കണ്ണീരോ നീ,**
**കാലത്തിൻ ചിരിയോ നീ....**

# നേര്

ഇഷ്ടപ്പെട്ടുവെന്നത് നേര്
നഷ്ടപ്പെട്ടില്ലയെന്നതും നേര്
അഷ്ടിക്കു വകയില്ലത്ത നേര-
ത്താകെ കഷ്ടപ്പാടായതും നേര്

കാർത്തിക്

# ലഹരി

ലഹരിക്കെടുതിയിൽ
പെട്ടൊരീ ബാല്യം ശൂന്യമാം
ലോകത്തെയറിഞ്ഞപൊൽ
ആരൊടുമില്ലാ സൗഹൃദമില്ലിനി-
യാരാരുമില്ലാ കളിക്കുട്ടുകാരായ്
ഇല്ലൊട്ടുമില്ല തരില്ലയീ ബാല്യത്തെ
ലഹരിക്കെടുതിയിൽ പെടുത്തില്ല ഞങ്ങൾ.......

ശ്രീപ്രിയ,ഋതുനന്ദ



# കാറ്റ്

തഴുകി ഉറക്കുവാൻ വരുന്ന
മൃദുലമായ കൈകൾ
ദുഖത്തിൻ മറവിൽ
ഇരിക്കുന്ന നമ്മളെ
തഴുകി ഉണർത്തുന്നു കാറ്റ്.
മൃദുലമായി ചുംബിച്ച്
തഴുകി ഉണർത്തുന്നു കാറ്റ്.

# ഓർമ്മകൾ

കുറച്ച് ദിവസമായി എനിക്ക് നാട്ടിലേക്ക് പോകാനുള്ള താൽപര്യം നന്നെ നഷ്ടമായിരിക്കുകയാണ്. അമ്മയുടെ ഓർമ്മകളാണ് വീടു മുഴുവനും. മുറ്റത്ത് പോലും നിൽക്കാൻ എനിക്ക് തീരേ ഇഷ്ടമല്ല .

എന്റെ വിജയത്തിന്റെ പിന്നിൽ മുഴുവനും അമ്മ തന്നെയാണ്. ഞാനും എന്റെ അമ്മയും അനിയനും മാത്രെ വീട്ടിലുള്ളൂ അച്ഛൻ എനിക്ക് ഏഴ് വയസ്സായപ്പൊ മരിച്ചിരു അനിയന് അന്ന് മൂന്നും. എങ്ങോട്ടെന്നറിയാതെ ജീവിതം വഴിമുട്ടിയപ്പോഴാണ് അമ്മാവൻ ഞങ്ങളെ കൂട്ടിയത് എന്റെ +2 പഠനം കഴിഞ്ഞ ഉടനെ തന്നെ അമ്മാവൻ എന്നെയും കൊണ്ട് പട്ടണത്തിലേക്ക് പോയി. അവിടുന്ന് സേനയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അമ്മയെയും അനിയനെയും നാട്ടിലാക്കി പോരുമ്പോൾ എനിക്കാകെയുള്ള ഒരു ലക്ഷ്യമായിരുന്നു അനിയന്റെ പഠനം, എനിക്കത് നല്ല രീതിക്ക് കൊണ്ടുപോവാൻ കഴിഞ്ഞു. പിന്നെ അങ്ങോട്ട് അമ്മയുടെ സന്തോഷം മാത്രെ എന്റെ മുന്നിൽ ഉണ്ടായിരുന്നുള്ളു.

ഉത്തരവാദിത്വം മുഴുവൻ തീർത്ത് എന്റെ കല്ല്യാണം കഴിച്ച് പട്ടണത്തിൽ പോരുമ്പോൾ അമ്മ വരാത്തതിൽ എനിക്ക് നല്ല പ്രയാസം ഉണ്ടായിരുന്നു. എന്നാൽ അമ്മയെ കാണാൻ പോവുമ്പോ ആ പ്രയാസം മാററുണ്ട്. എന്നാൽ അമ്മ ഞങ്ങളെ വിട്ട് പോയപ്പോൾ ആണ് ഞാൻ ശരിക്കും ഒറ്റയ്ക്കായത്. എങ്കിലും അമ്മയുടെ ഓർമ്മകൾ എന്നും എന്റെ കൂടെ ഉള്ളതു കൊണ്ട് ഞാൻ ഒറ്റയ്ക്കാവാറില്ല......

**ഋതുനന്ദ**



# കക്കയത്തെ കാഴ്ച

ഞങ്ങൾ നാലു പേരും കൂടി ഒരു കക്കയം ടൂർ പ്പ
പോകുന്ന വഴി നല്ല ചുര കാഴ്ചകളും കാട് പ്രദേ കൊണ്ട്
എല്ലാവർക്കും നന്നേ ഇഷ്ടമാകുന്ന പ്രകൃതി ഭാഗവുമാണവിടെ.

നല്ല തണുത്ത അന്തരീക്ഷമാണ് അവിടെ. മൃഗങ്ങളും പക്ഷികളും ഒരുപാടുള്ളത് കൊണ്ട് ഒരു സ്വർഗ്ഗതുല്യമായ പ്രദേശം എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റൊന്നുമില്ല. വെള്ളച്ചാട്ടം കക്കയത്തിന്റെ ഒരു ശ്രദ്ധേയമായ കാഴ്ച തന്നെയാണ്. ആന, മയിൽ, കുരങ്ങൻ, അട്ട, മാൻ അങ്ങനെ തുടങ്ങി അത്യാവശ്യം സ്പോട്ട് ചെയ്യാൻ സാധിക്കുന്ന മൃഗങ്ങൾ അവിടെ ഉണ്ട്.പോരാത്തതിന് കക്കയം ഡാം കൂടി അവിടെ ഉള്ളതുകൊണ്ട് കാഴ്ചകൾക്ക് ഒരു കുറവും ഞങ്ങൾ കണ്ടില്ല......



# അചഛൻ എൻ
# ജീവീത താളം

പിച്ചവെയ്ക്കാൻ പഠിപ്പിച്ചൊരെൻ
അച്ഛൻ.
എന്നെ സ്വപ്നം കാണാൻ
പഠിപ്പിച്ചൊരെൻ അച്ഛൻ.
അമ്മ പറയും പുണ്യകഥയിൽ
നായകനായ് മാറുമെൻ അച്ഛൻ.
എന്നെ ലോകം കാണിച്ച
കാണാത്ത ദിക്കുകൾ കാണിച്ച
അറിവെന്ന മഹാസാഗരത്തിൽ
പറക്കാൻ പഠിപ്പിച്ച
അച്ഛനെൻ ജീവിത താളം

മാളവിക കെ എസ്സ്

# ഉടുപ്പ്

എൻ കുഞ്ഞാഗ്രഹം.......
ഒരിക്കലും നടക്കാത്ത ആഗ്രഹം..........
എൻ കുഞ്ഞുമനസിൽ പൊട്ടി മുളച്ച.......
അമ്മ കരഞ്ഞും അച്ഛൻ തല്ലിയതുമായ
എൻ ആഗ്രഹം.........
ആഗ്രഹം നടത്താൻ അമ്മ പകലും
രത്രിയും വിയർക്കുന്നു.........
പക്ഷെ അതൊരിക്കലും നടക്കില്ലെന്ന്
എൻ അമ്മ പറഞ്ഞു.........
എൻ കുഞ്ഞുടുപ്പിന്റെ ആഗ്രഹം.........

ഐശ്വര്യ ,സിയ

# അച്ഛൻ

അച്ഛനെന്നാൽ ഒരു വ്യക്തിയല്ല എൻ
ദൈവമാണ്.
രാവും പകലുമില്ലാതെ വിയർത്തും ചോര
നീരാക്കിയും
ചുട്ടുപൊള്ളുന്ന സൂര്യൻ അച്ഛന്റെ
കണ്ണിലെ തീയായും
മാറുന്ന സമയം ഒരു കുഞ്ഞുമുത്തം
കൊണ്ട് അതിനെ തണുപ്പിക്കാൻ
കഴിയും....
ആ കുഞ്ഞുമുത്തത്തിനായി
ആഗ്രഹിക്കുന്ന എൻ അച്ഛന്റെ മനസ്സ്....

സിയ കെ.എസ്

# മീനുകൾ

ഒഴുകുന്ന വെള്ളത്തിൽ ഒഴുകി
നടക്കുന്ന ജീവിതം എൻ
ജീവിതം.
ഒഴുകി ജീവിക്കുംനേരം വരും
ആ ക്രൂരതനിറഞ്ഞ കണ്ണുകൾ...
മനുഷ്യരുടെ കണ്ണുകൾ
ആ വലകളിൽപ്പെട്ട് ചത്ത്
ജീവിക്കുംനേരം
ഇനിയൊരുജീവിതം
ഇല്ലെന്നറിയുമ്പോൾ......

തേജു ലക്ഷ്മി

# എൻ അമ്മ

മലയാള ഭാഷയിലെ
രണ്ടക്ഷരമല്ല
"അമ്മ"
അമ്മ പ്രകൃതിയാണ് അമ്മ
ദൈവമാണ് ,
അവളുടെ മിഴി നിറഞ്ഞാൽ
ഈ ലോകം കരയും
അവളുടെ സന്തോഷം ഈ
ലോകത്തെ ചിരിപ്പിക്കുന്നു.

ശ്രീപ്രിയ

# നിശബ്ദത

**ഹൃദയത്തെ തൊട്ടു**
**വിളിക്കുന്ന നിശബ്ദത.**
**നിശബ്ദതയുടെ പാതയിൽ**
**നടന്നു നമ്മൾ.**
**നീന്തികടന്നെത്തിയാലും**
**അവസാനം എത്തും നമ്മൾ**
**നിശബ്ദതയുടെ**
**പാതയിൽ....**

# പൂനിലാവ്


മാനത്ത് കത്തിജ്ജ്വലിക്കുന്ന,
നിന്റെ പ്രകാശത്തിൽ
എന്റെ കണ്ണുകൾ മയങ്ങുന്നു.
പൂനിലാവിൽ കുളിച്ചെത്തുന്ന
നിന്റെ നിലാവിൽ ഞാൻ അനന്തമാകുന്നു......
തനിച്ചിരിക്കുമ്പോൾ നിൻ നിലാവ്
എനിക്ക് കൂട്ടായ് എത്തുമ്പോൾ
എന്റെ മനസ്സ് നിന്നിലലിയുന്നു........

ശ്രീപ്രിയ ,ഋതുനന്ദ

# മഴവില്ല്


മാനത്ത് ഏഴു വർണങ്ങളായി
നീ പ്രത്യക്ഷപ്പെട്ട്
ആനന്ത നൃത്തം ആടുന്നു.
നിൻറെ ഏഴു വർണങ്ങൾ
കണ്ട് മയങ്ങുന്ന കണ്ണുകൾ
നിന്നെ മാനത്ത് ഒരു
നോക്ക് കാണാൻ കാത്തിരിക്കുന്നു

**അനുഷ്ക ബേബി**






# അമ്മ

പ്രകൃതിയാണെൻ അമ്മ
അറിവാണെൻ അമ്മ
മറക്കരുത് നമ്മുടെ
അമ്മയെ...
അറിവു നിറഞ്ഞു തരും
എൻ അമ്മ
ഒരു നല്ല മനസ്സിന്റെ ഉടമ
എൻ അമ്മ...



# ശലഭം




അഴകു നിറഞ്ഞൊരു പൂമ്പാറ്റേ
പൂവിൽ കാണും പൂമ്പാറ്റേ
പാറിനടക്കും പൂമ്പാറ്റേ
പൂവുകൾ തേടി ലോകം ചുറ്റി നടക്കും പൂമ്പാറ്റേ
നിൻ വർണങ്ങളെ കാണാൻ എന്തുഭംഗി
അഴകാർന്ന സൂര്യപുത്രാ നിൻ പ്രകാശത്തിൽ

ചിറകുകളെ കാണാൻ എന്തുഭംഗി
പച്ച പുതച്ചൊരീ ഭൂമിയിൽ
നീ പാറി നടക്കും പൂമ്പാറ്റെ

അഴകുനിറഞ്ഞൊരു പൂമ്പാറ്റേ
പൂവിൽ കാണും പൂമ്പാറ്റേ
പാറിനടക്കും പൂമ്പാറ്റെ

നിന്നെ കാണാൻ എന്തുഭംഗി

**അനുഷ്ക ബേബി**

# പ്രകൃതി

പ്രകൃതി അമ്മയാണ്. അതിലെ
വസ്തുക്കൾ അമ്മയാണ്
മനസ്സുപോലെയാണ് അത്രയും
മനോഹരമാണ്.
തെങ്ങുകളും വയലുകളും നിറഞ്ഞു
നിൽക്കുന്നതുമാണ്
പ്രകൃതി.പച്ചപ്പ് നിറഞ്ഞു നിൽക്കുന്ന
പ്രകൃതി ഒരു
കലാസൃഷ്ടിയാണ്. അതിനെ വർ-
ണ്ണിക്കാൻ പറ്റില്ല
കാരണം അത് വർണ്ണിക്കാൻ
കഴിയുന്നതിലും



# നക്ഷത്രം

അകലെയാണെങ്കിലും
നിന്നെ ഞാൻ തേടുന്നു

കൈയ്യെത്തും ദൂരത്താണെന്ന് തോന്നുന്നു
എന്നിട്ടും നിന്നെ എനിക്ക് കിട്ടുന്നില്ല

ഒരിക്കലും എന്റെ അരികിൽ വരില്ല എന്ന് അറിഞ്ഞിട്ടും
നിന്നെ ഞാൻ മോഹിക്കുന്നു

ഒരിക്കൽ നീ എന്റെ അരികിൽ
വന്ന് ചേരും എന്ന് ഞാൻ ആഗ്രഹിക്കുന്നു

-വൈഗ




മരുതമൊഴി